## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4373** **06-03-2023 - ൽ മറുപടിയ്ക്ക്**

## ഒരു കുടുംബം ഒരു സംരംഭം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് സംരംഭക വർഷം എന്ന പേരിൽ വെബ്സൈറ്റ് ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത വെബ്സൈറ്റിൽ ഇതുവരെ എത്ര പുതിയ സംരംഭങ്ങളുടെയും തൊഴിലവസരങ്ങളുടെയും കണക്കാണുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. ടി പോർട്ടലിലെ കണക്കുകൾ പ്രകാരം ഏപ്രിൽ 1, 2022 മുതൽ മാർച്ച് 3, 2023 വരെ സംസ്ഥാനത്ത് പുതുതായി 134729 സംരംഭങ്ങൾ തുടങ്ങുകയും അവയിലൂടെ 8043.09 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടാവുകയും 288979 തൊഴിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ ഒരു വർഷം എം.എസ്എം.ഇ. മേഖലയിൽ ഉണ്ടായ നിക്ഷേപം സർക്കാരിന്റെ കെ- സ്വിഫ്റ്റ് പോർട്ടലിലെ കണക്ക് പ്രകാരം എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 2 വരെ കെ-സ്വിഫ്റ്റ് പോർട്ടൽ മുഖാന്തിരം എം.എസ്.എം.ഇ. അക്നോളഡ്ജ്മെന്റ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ വഴി 2288.69 കോടി രൂപയുടെ നിക്ഷേപമാണ് ഉണ്ടായിട്ടുള്ളത്. |
| (സി) | ലൈസൻസ് പുതുക്കാൻ അപേക്ഷ നൽകിയവരെ പുതിയ സംരംഭങ്ങളായി കണക്കാക്കിയിട്ടുണ്ടെന്ന വാർത്തകളുടെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് മുപ്പത്തിയൊന്ന് വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പ്രസ്തുത ലിസ്റ്റിൽ റീറെജിസ്റ്റർ ചെയ്ത സംരംഭങ്ങൾ ഉൾപ്പെടുന്നില്ല. എന്തെങ്കിലും കാരണവശാൽ ഇത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽ പെട്ടാൽ അവ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തിരം സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | 2022-23 ലെ ബജറ്റിൽ ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്കായി എത്ര രൂപ മാറ്റിവെച്ചിട്ടുണ്ടെന്ന് | (ഡി) | ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; ഇതിൽ നിന്നും ഇതിനോടകം എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | | വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% -ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ്, ധന സഹായമായി സർക്കാർ നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പക്കും പ്രവർത്തന മൂലധന വായ്പക്കും ആനുകൂല്യം ലഭിക്കുന്നു.<br><br>2022-2023-ലെ ബഡ്ജറ്റിൽ ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്കയ്ക്കായി 2851-00-102-107(04) എന്ന ശീർഷകത്തിൽ 700 ലക്ഷം രൂപ വകയിരുത്തുകയും 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ